പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2100**

**10/10/2011** ൽ മറുപടിയ്ക്ക്

## സർക്കാർ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര സർക്കാർ ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളാണ് ഉള്ളത്; എത്ര എൻ.ആർ.എച്ച്.എം. ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളുണ്ട്; | (എ) | സംസ്ഥാനത്ത് 745 സർക്കാർ ആയുർവേദ ഡിസ്പെൻസറികളും 551 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്. അത് കൂടാതെ എൻ.ആർ.എച്ച്.എം. പദ്ധതി മുഖേന സംസ്ഥാനത്ത് 182 താല്ക്കാലിക ആയുർവേദ ഡിസ്പെൻസറികളും 287 താല്ക്കാലിക ഹോമിയോ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളിലെ മെഡിക്കൽ ഓഫീസർമാർക്കും പി.എച്ച്.സെന്ററുകളിലെ മെഡിക്കൽ ഓഫീസർമാർക്കും അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ ഏതൊക്കെയാണ്; എന്തുകൊണ്ടാണ് വ്യത്യസ്ത സ്കെയിലുകൾ അനുവദിക്കാൻ കാരണം; ഈ അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | ആയുർവേദ ഹോമിയോ മെഡിക്കൽ ഓഫീസർമാരുടേയും പി.എച്ച്. സെന്ററിലെ മെഡിക്കൽ ഓഫീസറായ അസിസ്റ്റന്റ് സർജന്റെയും ശമ്പള സ്കെയിൽ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ആയുർവേദ മെഡിക്കൽ ഓഫീസർ<br>ഹോമിയോ മെഡിക്കൽ ഓഫീസർ | 20740–36140 |
| അസിസ്റ്റന്റ് സർജൻ | 24040–38840 |

കാലാകാലങ്ങളിലായി ശമ്പളപരിഷ്കരണങ്ങളിൽ പ്രസ്തുത വിഭാഗങ്ങളിലെ

മെഡിക്കൽ ഓഫീസർ മാർക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകളാണ് അനുവദിച്ചിട്ടുള്ളത്. ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെയും പി.എച്ച്.സെന്ററിലെ മെഡിക്കൽ ഓഫീസർമാരുടെയും ശമ്പളത്തിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ